എ.വൈ.ആർ

# സൂറ – 29 / അൽ അൻകബൂത്ത്

**സൂക്തം: 24 – 27**

വിഗ്രഹങ്ങളിലധിഷ്ഠിതമായ സാമൂഹിക ബന്ധങ്ങളും വ്യവസ്ഥിതികളും മിഥ്യയാണെന്നാണ് ഇബ്‌റാഹീം (അ) പറയുന്നത്. ഭൗതിക ലോകത്തു മാത്രമേ ഇത്തരം സ്നേഹബന്ധങ്ങൾ നിലനിൽക്കൂ. ഉയിർത്തെഴുന്നേൽപു നാളിൽ അവയുടെയൊക്കെ യാഥാർഥ്യം ബോധ്യമാകുമ്പോൾ ആരാധ്യർ ആരാധകരെയും ആചാര്യന്മാർ ശിഷ്യന്മാരെയും മറിച്ചും തള്ളിപ്പറയുക മാത്രമല്ല, പരസ്പരം ശപിക്കുകയും ചെയ്യും.



فَمَا كَانَ جَوَابَ قَوْمِهِ إِلَّا أَن قَالُوا اقْتُلُوهُ أَوْ حَرِّقُوهُ فَأَنجَاهُ
اللَّهُ مِنَ النَّارِ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يُؤْمِنُونَ ﴿٢٤﴾

24. അവനെ വധിക്കുവിൻ അല്ലെങ്കിൽ ചുട്ടുകളയിൻ എന്നുദ്ഘോഷിച്ചതു മാത്രമായിരുന്നു ഇബ്‌റാഹീമിന്റെ ജനത നൽകിയ മറുപടി. ഒടുവിൽ അല്ലാഹു അദ്ദേഹത്തെ അതിൽനിന്ന് രക്ഷിച്ചു. വിശ്വസിക്കുന്ന ജനത്തിന് ഇതിൽ മഹത്തായ ദൃഷ്ടാന്തമുണ്ട്.

**24**

فَمَا كَانَ جَوَابَ قَوْمِهِ = അപ്പോൾ അദ്ദേഹത്തിന്റെ ജനത്തിന്റെ ഉത്തരം ആയിരുന്നില്ല (ഇബ്‌റാഹീമിന്റെ ജനത നൽകിയ മറുപടി)

إِلَّا أَن قَالُوا = അവർ പറഞ്ഞത് അല്ലാതെ (ഘോഷിച്ചതുമാത്രമായിരുന്നു)

اقْتُلُوهُ = നിങ്ങൾ അവനെ വധിക്കുവിൻ أَوْ حَرِّقُوهُ = അല്ലെങ്കിൽ അവനെ ചുട്ടുകളയിൻ

فَأَنجَاهُ اللَّهُ مِنَ النَّارِ = അപ്പോൾ (ഒടുവിൽ) അല്ലാഹു അദ്ദേഹത്തെ അഗ്നിയിൽനിന്ന് രക്ഷിച്ചു

إِنَّ فِي ذَٰلِكَ = തീർച്ചയായും ഇതിൽ ഉണ്ട്

لَآيَاتٍ = (മഹത്തായ) ദൃഷ്ടാന്തങ്ങൾ لِّقَوْمٍ يُؤْمِنُونَ = വിശ്വസിക്കുന്ന ജനത്തിന്

ഇബ്‌റാഹീം നബിയുടെ വാക്കുകളോട് അല്ലാഹു ചേർത്ത വചനങ്ങൾ കഴിഞ്ഞ സൂക്തത്തോടെ അവസാനിച്ചു. ഇനി വീണ്ടും ഇബ്‌റാഹീ(അ)മിന്റെ ചരിത്രത്തിലേക്കു തിരിയുകയാണ്. അദ്ദേഹത്തിന്റെ ഹൃദയസ്പൃക്കായ പ്രബോധനം നാട്ടുകാരെ രോഷാകുലരാക്കുകയാണുണ്ടായത്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിച്ചു കേൾക്കാനോ അതുൾക്കൊള്ളുന്ന ആശയങ്ങൾ മനസ്സിലാക്കാനോ അതേക്കുറിച്ച് ചർച്ച ചെയ്യാനോ ഒന്നും അവർ തയാറായില്ല. നമ്മൾ പൂർവികരിൽനിന്ന് തലമുറകളായി പകർത്തിവന്ന ആചാര വിശ്വാസങ്ങൾ സാംസ്കാരിക പൈതൃകം എന്ന നിലക്കുതന്നെ പവിത്രവും പരിശുദ്ധവും മഹത്തരവുമാകുന്നു. അതിനെ വിമർശിക്കുന്നവൻ സമുദായാഭിമാനമില്ലാത്തവനും ദേശസ്നേഹമില്ലാത്തവനുമാണ്. മതത്തെയും ദേശീയ പൈതൃകത്തെയും തള്ളിപ്പറയുന്ന ഇബ്‌റാഹീമിനെ കൊന്നുകളയണം; ജനം വിധിച്ചു. എങ്ങനെ കൊല്ലണമെന്ന കാര്യത്തിലേ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുള്ളൂ. ഒടുവിൽ അതും തീരുമാനമായി; തൂക്കിക്കൊല്ലുകയോ തല്ലിക്കൊല്ലുകയോ ചെയ്താൽ പോരാ, മതവിരോധിയും ദേശദ്രോഹിയുമായ അവനെ ചുട്ടുകൊല്ലുകയാണ് വേണ്ടത്. അങ്ങനെ അവനും അവന്റെ നൂതന തത്ത്വങ്ങളും ചാരമായി ചിതറിപ്പോകട്ടെ. ദേശത്തിന്റെയും ദേശക്കാരുടെയും പാവന പാരമ്പര്യത്തിനെതിരായി ഇബ്‌റാഹീമിന്റെ പുത്തൻ ചിന്താഗതിയോട് അനുഭാവം പുലർത്തുന്ന വല്ലവരുമുണ്ടെങ്കിൽ അവർക്ക് അതൊരു നല്ല പാഠവുമായിരിക്കട്ടെ. ശിക്ഷ നടപ്പിലാക്കാൻ അവർ വിപുലമായ സജ്ജീകരണങ്ങളൊരുക്കി. ഇബ്‌റാഹീമിനെ ദഹിപ്പിക്കുന്ന ചൂളയൊരുക്കാൻ അവർ ഒരു കെട്ടിടം തന്നെ നിർമിച്ചുവെന്നു സൂറ *അസ്സ്വാഫ്ഫാത്ത്* 97-ാം സൂക്തം സൂചിപ്പിക്കുന്നു. قَالُوا ابْنُوا لَهُ بُنْيَانًا فَأَلْقُوهُ فِي الْجَحِيمِ (അവർ കൽപിച്ചു: ഒരെടുപ്പുണ്ടാക്കുവിൻ. എന്നിട്ടവനെ ആളിക്കത്തുന്ന അഗ്നിയിലെറിയുവിൻ). അങ്ങനെ ഇബ്‌റാഹീം നബി അഗ്നി

കുണ്ഠത്തിലെറിയപ്പെട്ടു. പക്ഷേ, അല്ലാഹു അദ്ദേഹത്തെ ഒരു പോറലുമേൽക്കാതെ രക്ഷിച്ചു. ഇബ്റാഹീം നബി നേരിട്ട അഗ്നി പരീക്ഷണവും അതിൽനിന്നുള്ള മോചനവും നേരത്തേ *അൽ അമ്പിയാഅ്* 68-70 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

സത്യവിശ്വാസികൾക്ക് ഇതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്. ഇവിടെ 'സത്യവിശ്വാസികൾ' കൊണ്ട് വിവക്ഷിക്കുന്നത് മുഖ്യമായും മുഹമ്മദ് നബിയിൽ വിശ്വസിച്ചതിന്റെ പേരിൽ മർദന പീഡനങ്ങൾക്കിരയായിക്കൊണ്ടിരിക്കുന്ന ശിഷ്യന്മാരെയാണ്. സത്യവിശ്വാസികൾ ഈമാനിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കാൻ നിരവധി പീഡനങ്ങളും പ്രയാസങ്ങളും നേരിടേണ്ടിവരും എന്നതാണ് ഒരു പാഠം. ഇബ്റാഹീം നബിയെപ്പോലൊരു മഹാ പ്രവാചകവര്യനു പോലും അഗ്നിപരീക്ഷക്ക് വിധേയനാകേണ്ടിവന്നു. ആദർശ വിഷയത്തിൽ ബന്ധങ്ങളൊന്നും ബന്ധനങ്ങളായിക്കൂടാ എന്നതാണ് രണ്ടാമത്തെ പാഠം. ഇബ്റാഹീം നബിയുടെ പിതാവ് അദ്ദേഹത്തെ തൗഹീദിൽനിന്ന് പിന്തിരിയാൻ പരമാവധി നിർബന്ധിക്കുകയുണ്ടായി. ഒടുവിൽ തന്നെ വിട്ടുപോകാൻ കൽപിക്കുകയും എറിഞ്ഞുകൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു (19:46). പക്ഷേ, ഇബ്റാഹീം (അ) തന്റെ ആദർശത്തിൽ ഒരു വിട്ടുവീഴ്ചക്കും തയാറായില്ല. സത്യധർമങ്ങളെ തോൽപിക്കാൻ ശ്രമിക്കുന്നവർക്ക് ഒരതിരുവരെ തങ്ങളുടെ അധികാരങ്ങളും കഴിവുകളും അതിനുവേണ്ടി ഉപയോഗിക്കാൻ അല്ലാഹു അവസരം നൽകും. അത് സത്യവാഹകർ നേരിടേണ്ട പരീക്ഷണങ്ങളുടെ താൽപര്യമാണ്. പ്രവാചകനെ തീയിലെറിയാൻ പോലും ചിലപ്പോൾ അവർക്ക് കഴിയുന്നു. പക്ഷേ, ഒടുവിലവർ പരാജയപ്പെടുക തന്നെ ചെയ്യും. ഇഹത്തിലും പരത്തിലും അന്തിമ വിജയം സത്യ-ധർമങ്ങളുടെ വാഹകർക്കായിരിക്കും. ഇതാണ് മൂന്നാമത്തെ പാഠം. ●

وَقَالَ إِنَّمَا اتَّخَذْتُم مِّن دُونِ اللَّهِ أَوْثَانًا مَّوَدَّةَ بَيْنِكُمْ فِي الْحَيَاةِ الدُّنْيَا ۖ ثُمَّ يَوْمَ الْقِيَامَةِ يَكْفُرُ بَعْضُكُم بِبَعْضٍ وَيَلْعَنُ بَعْضُكُم بَعْضًا وَمَأْوَاكُمُ النَّارُ وَمَا لَكُم مِّن نَّاصِرِينَ ﴿٢٥﴾

25. ഇബ്റാഹീം പ്രസ്താവിച്ചു. നിങ്ങൾ വിഗ്രഹങ്ങളെ ദൈവങ്ങളായി വരിച്ചിട്ടുള്ളത് നിങ്ങളുടെ ഭൗതികജീവിതത്തിലെ പരസ്പര മൈത്രിയുടെ കരുവായിട്ടു മാത്രമാകുന്നു. പിന്നീട് ഉയിർത്തെഴുന്നേൽപു നാളിൽ നിങ്ങൾ പരസ്പരം നിഷേധിക്കുകയും ശപിക്കുകയും ചെയ്യും. നിങ്ങളെല്ലാവരുടെയും അന്തിമ സങ്കേതം നരകമാകുന്നു. അവിടെ നിങ്ങളെ സഹായിക്കാൻ ആരുമുണ്ടാവില്ല.

**25**

وَقَالَ = അവൻ പറഞ്ഞു (ഇബ്റാഹീം പ്രസ്താവിച്ചു)

إِنَّمَا اتَّخَذْتُم مِّن دُونِ اللَّهِ أَوْثَانًا = നിങ്ങൾ അല്ലാഹുവിനെ വെടിഞ്ഞ് (ദൈവങ്ങളായി) വരിച്ചിട്ടുള്ളത് വിഗ്രഹങ്ങളെയാകുന്നു

مَّوَدَّةَ بَيْنِكُمْ = നിങ്ങൾക്കിടയിലെ മൈത്രിയായിട്ട് (നിങ്ങളുടെ പരസ്പര മൈത്രിയുടെ കരുവായിട്ട്) മാത്രമാകുന്നു

فِي الْحَيَاةِ الدُّنْيَا = ഭൗതിക ജീവിതത്തിലെ ثُمَّ = പിന്നീട് يَوْمَ الْقِيَامَةِ = ഉയിർത്തെഴുന്നേൽപുനാളിൽ

يَكْفُرُ بَعْضُكُم بِبَعْضٍ = നിങ്ങളിൽ ചിലർ ചിലരെ (പരസ്പരം) നിഷേധിക്കും

وَيَلْعَنُ بَعْضُكُم بَعْضًا = ചിലർ ചിലരെ (പരസ്പരം) ശപിക്കുകയും ചെയ്യും

وَمَأْوَاكُمُ النَّارُ = നിങ്ങളുടെ (എല്ലാവരുടെയും അന്തിമ) സങ്കേതം നരകമാകുന്നു

وَمَا لَكُم = നിങ്ങൾക്ക് ഉണ്ടാവില്ല مِّن نَّاصِرِينَ = (അവിടെ) സഹായികളായി (സഹായിക്കാൻ ആരും)

ഇബ്റാഹീം (അ) ഇതു പറഞ്ഞത് നാട്ടുകാർ അദ്ദേഹത്തെ അഗ്നികുണ്ഠത്തിലെറിയാൻ തീരുമാനിച്ചപ്പോഴാണെന്നും അഗ്നികുണ്ഠത്തിൽനിന്ന് പുറത്തു വന്ന ശേഷമാണെന്നും രണ്ടഭിപ്രായമുണ്ട്. ആദ്യത്തേതനുസരിച്ച് താൽപര്യമിതാണ്: ആദർശം വെടിഞ്ഞില്ലെങ്കിൽ താൻ അഗ്നിയിലെറിയപ്പെടുമെന്ന് ഉറപ്പായപ്പോഴും അദ്ദേഹം അശേഷം പതറിയില്ല. പതിനേഴാം സൂക്തത്തിൽ പരാമർശിച്ച പ്രസ്താവന ഒന്നുകൂടി ദൃഢീകരിച്ച് പറയുകയാണ് ചെയ്തത്.

രണ്ടാമത്തെ അഭിപ്രായമാണ് കൂടുതൽ പ്രബലമായിട്ടുള്ളത്. ഇതനുസരിച്ച് വചനത്തിലെ إِنَّمَا എന്ന പരിമിതി സൂചക പ്രത്യയം- حصر ബന്ധപ്പെട്ടിരിക്കുന്നത് أَوْثَانًا എന്നതിനോടല്ല; مَّوَدَّةَ بَيْنِكُمْ എന്നതിനോടാണ്. അതായത് നിങ്ങൾ വിഗ്രഹങ്ങളെ ദൈവങ്ങളായി വരിച്ചിരിക്കുന്നത് നിങ്ങൾക്കിടയിലുള്ള സ്നേഹത്തിന്റെ പേരിൽ മാത്രമാകുന്നു. അല്ലാതെ അവക്ക് യാഥാർഥ്യമുണ്ടെന്നോ ദൈവത്തിന്റെ കഴിവുകളും അധികാരങ്ങളുമുണ്ടെന്നോ വിശ്വസിക്കുന്നതുകൊണ്ടല്ല. ഇബ്റാഹീം നബി ഇതു പറയുന്നത് അഗ്നികുണ്ഠത്തിലെറിയപ്പെടും മുമ്പ് ജനം വിചാരണ ചെയ്തപ്പോൾ, തന്റെ ആദർശത്തിന്റെ യാഥാർഥ്യവും പ്രാമാണികതയും സ്ഥാപിച്ചുകൊണ്ട് അദ്ദേഹം ഉന്നയിച്ച ന്യായവാദങ്ങൾക്ക് മുന്നിൽ അവർ ഉത്തരം മുട്ടിയതിനെ സൂചിപ്പിച്ചുകൊണ്ടാണ്. അപ്പോൾ അവർക്ക് ഇബ്റാഹീമീ സന്ദേശം ബോധ്യപ്പെടുകയും തെറ്റ് തങ്ങളുടെ ഭാഗത്താണെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. പിന്നീട് വിഗ്രഹത്തോടും അതിലധിഷ്ഠിതമായ സാമൂഹിക ഘടനയോടുമുള്ള അന്ധമായ ഭ്രമം മൂലം അവരുടെ ചിന്ത തലകീഴ് മറിഞ്ഞു. *അൽ അമ്പിയാഅ്* 64,65 സൂക്തങ്ങൾ അതിപ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

فَرَجَعُوا إِلَىٰ أَنفُسِهِمْ فَقَالُوا إِنَّكُمْ أَنتُمُ الظَّالِمُونَ ﴿٦٤﴾ ثُمَّ نُكِسُوا عَلَىٰ رُءُوسِهِمْ لَقَدْ عَلِمْتَ مَا هَٰؤُلَاءِ يَنطِقُونَ ﴿٦٥﴾

(അപ്പോൾ ജനം അവരിലേക്കുതന്നെ മടങ്ങി. നമ്മൾ തന്നെയാണ് അധർമികൾ എന്നു സമ്മതിക്കുകയും ചെയ്തു. പക്ഷേ പിന്നീട് അവരുടെ വിചാരം തലകുത്തി മറിഞ്ഞു. അവർ പറഞ്ഞു: ഇവ സംസാരിക്കുകയില്ലെന്ന് നിനക്കറിയാമല്ലോ). ഇബ്റാഹീം നബി വ്യക്തമാക്കുന്നതിതാണ്: ഈ വിഗ്രഹങ്ങളോടും അവയെ കേന്ദ്രീകരിച്ചുള്ള സാമൂഹിക ബന്ധങ്ങളോടും അവയെ ആരാധിക്കാൻ പ്രേരിപ്പിക്കുന്ന സാമൂഹിക നേതൃത്വത്തോടുമുള്ള അന്ധമായ പ്രേമമാണ് അവയെ ദൈവങ്ങളായി വരിക്കാൻ പ്രചോദിപ്പിക്കുന്നത്. വിഗ്രഹങ്ങളാണ് നിങ്ങളുടെ സമുദായത്തിന്റെ കേന്ദ്ര ബിന്ദു. നിങ്ങളുടെ പരസ്പര ബന്ധവും നിയമവ്യവസ്ഥയുമെല്ലാം അവയോടുള്ള വിധേയത്വത്തെ ആശ്രയിച്ചിരിക്കുന്നു. നിങ്ങളുടെ നേതാക്കളുടെ പരസ്പര ബന്ധത്തിന്റെയും നിങ്ങളും നേതാക്കളും തമ്മിലുള്ള ബന്ധത്തിന്റെയും ചാലകശക്തിയും ഈ വിഗ്രഹങ്ങളാണ്. വിഗ്രഹങ്ങളെ വർജിക്കുന്നതോടെ സമുദായം അതിന്റെ  കേന്ദ്രത്തിൽനിന്ന് തെറിച്ചുപോകും. വിഗ്രഹങ്ങളുടെ ദിവ്യത്വം നിഷേധിക്കപ്പെട്ടാൽ അവയെ മുൻനിർത്തി നിങ്ങളെ ഭരിക്കുന്ന നേതാക്കളുടെ ദിവ്യത്വവും നഷ്ടപ്പെടും. അവർ തമ്മിലും അവരും നിങ്ങളും തമ്മിലും ഉള്ള സ്നേഹബന്ധങ്ങളും അറ്റുപോകും. അതുകൊണ്ട് എന്തു വില കൊടുത്തും ദൈവങ്ങളെ രക്ഷിച്ച് നിലനിർത്തേണ്ടത് അനിവാര്യമായി ധിക്കാരികൾ കണ്ടു. ജനാധിപത്യ സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന രാജാധിപത്യങ്ങളിലേറെയും നിലനിന്നിരുന്നത് ദേവീദേവന്മാരുടെയും വിഗ്രഹങ്ങളുടെയും പേരിലായിരുന്നു. തിരുവനന്തപുരത്തെ പത്മനാഭ ക്ഷേത്രത്തിൽ കുടികൊള്ളുന്നതായി വിശ്വസിക്കുന്ന വിഷ്ണുദേവന്റെ പ്രതിനിധിയായിട്ടാണല്ലോ തിരുവിതാം കൂർ രാജാക്കന്മാർ രാജ്യം ഭരിച്ചിരുന്നത്.

വിഗ്രഹങ്ങളിലധിഷ്ഠിതമായ സാമൂഹിക ബന്ധങ്ങളും വ്യവസ്ഥിതികളും മിഥ്യയാണെന്നാണ് ഇബ്റാഹീം (അ) പറയുന്നത്. ഭൗതിക ലോകത്തു മാത്രമേ ഇത്തരം സ്നേഹബന്ധങ്ങൾ നിലനിൽക്കൂ. ഉയിർത്തെഴുന്നേൽപു നാളിൽ അവയുടെയൊക്കെ യാഥാർഥ്യം ബോധ്യമാകുമ്പോൾ ആരാധ്യർ ആരാധകരെയും ആചാര്യന്മാർ ശിഷ്യന്മാരെയും മറിച്ചും തള്ളിപ്പറയുക മാത്രമല്ല, പരസ്പരം ശപിക്കുകയും ചെയ്യും. വിശുദ്ധ ഖുർആൻ പല സന്ദർഭങ്ങളിൽ ഇക്കാര്യം അനുസ്മരിക്കുന്നുണ്ട്. ഉദാഹരണത്തിന് സൂറ *അൽ അഅ്റാഫ്* 38-ൽ പറയുന്നു:

كُلَّمَا دَخَلَتْ أُمَّةٌ لَّعَنَتْ أُخْتَهَا ۖ حَتَّىٰ إِذَا ادَّارَكُوا فِيهَا جَمِيعًا قَالَتْ أُخْرَاهُمْ لِأُولَاهُمْ رَبَّنَا هَٰؤُلَاءِ أَضَلُّونَا فَآتِهِمْ عَذَابًا ضِعْفًا مِّنَ النَّارِ ۖ

(സത്യനിഷേധികളായ ഓരോ കൂട്ടരും അവരുടെ സഹോദര ഗണത്തെ ശപിച്ചുകൊണ്ടാണ് നരകത്തിലേക്ക് വരിക. അങ്ങനെ എല്ലാവരും അവിടെ ഒരുമിച്ചുകൂടിയാൽ പിൻഗാമികൾ മുൻഗാമികൾക്കെതിരെ പ്രാർഥിക്കുന്നു. നാഥാ, ഇക്കൂട്ടരാണ് ഞങ്ങളെ വഴിപിഴപ്പിച്ചത്. അതിനാൽ അവർക്ക് ഇരട്ടി നരകശിക്ഷ നൽകേണമേ). സൂറ *അൽഅഹ്സാബിലും* *അസ്സുഖ്റുഫിലും* *ഫുസ്സിലത്തിലും* ഇതുപോലുള്ള സൂക്തങ്ങൾ കാണാം. ആളുകളെ ദുർമാർഗത്തിലേക്ക് വിളിച്ച നേതാക്കളും അവരോടുള്ള സ്നേഹത്തിന്റെയും ആദരവിന്റെയും പേരിൽ ദുർമാർഗം കൈക്കൊണ്ടിരുന്ന നീതന്മാരും അവരുടെ ആരാധ്യരും ആരാധകരുമെല്ലാം അന്ത്യനാളിൽ പരസ്പരം ശപിക്കേണ്ടി വരുമെന്ന് ഉണർത്തുകയാണ് ഇത്തരം സൂക്തങ്ങളുടെയെല്ലാം താൽപര്യം. സാക്ഷാൽ സത്യത്തിന്റെ മുഖത്തുനിന്ന് മൂടുപടം നീങ്ങുന്നതുവരെ മാത്രമേ ഇവരുടെയെല്ലാം സ്നേഹബന്ധങ്ങൾ നിലനിൽക്കുകയുള്ളൂ. അത് നീങ്ങിക്കഴിഞ്ഞാൽ ഇത്തരക്കാരിലാർക്കും പരസ്പരം സഹായിക്കാൻ കഴിയില്ല. എന്നല്ല, തങ്ങളുടെ നേതാക്കളും ദൈവങ്ങളും കൂടുതൽ കഠിനമായി ശിക്ഷിക്കപ്പെടേണമേ എന്ന് പ്രാർഥിക്കുകയാണ് ഓരോരുത്തരും ചെയ്യുക.

مَّوَدَّةَ بَيْنِكُمْ എന്ന വാക്കിനെ مَّوَدَّةَ بَيْنَ الْأَوْثَانِ وَعَبَدَتِهَا-വിഗ്രഹങ്ങളും അവയുടെ ആരാധകരും തമ്മിലുള്ള സ്നേഹമെന്നാണ് ഇമാം റാസി വ്യാഖ്യാനിച്ചിട്ടുള്ളത്. അമിതമായ ശാരീരിക രസങ്ങളിലാകൃഷ്ടനാകുന്നവൻ ബൗദ്ധിക രസങ്ങൾ ഒട്ടും ശ്രദ്ധിക്കുകയില്ല. ഭ്രാന്തനെപ്പോലെയാണയാൾ. തീറ്റ, കുടി, അല്ലെങ്കിൽ വിസർജനം തുടങ്ങിയ ആവശ്യങ്ങൾ നേരിട്ടാൽ അവർ വലിയ വലിയ ആളുകളുടെ സഭയിൽ പോലും അത് നിസ്സങ്കോചം നടത്തുന്നു. നാണം, സൽപെരുമാറ്റം പോലുള്ള ബൗദ്ധിക രസങ്ങളെക്കുറിച്ചൊന്നും അവർ ആലോചിക്കുന്നില്ല. ജഢിക സുഖം മാത്രം സാധിക്കുന്നു. ഈ ധർമധിക്കാരികൾ അൽപബുദ്ധികളാകുന്നു. അതുകൊണ്ട് ജഢികാസക്തികൾ അവരെ കീഴടക്കി. ജഢികേതരമായ ഒരു ദൈവത്തെ ഉൾക്കൊള്ളാൻ അവരുടെ ബുദ്ധിക്കായില്ല. രത്നവജിത ഹാരങ്ങളണിഞ്ഞ വർണശബള വിഗ്രഹങ്ങൾ കണ്ടപ്പോൾ അവരതിനെ സ്നേഹിച്ചു. ●

---

فَآمَنَ لَهُ لُوطٌ ۘ وَقَالَ إِنِّي مُهَاجِرٌ إِلَىٰ رَبِّي ۖ إِنَّهُ هُوَ الْعَزِيزُ الْحَكِيمُ ﴿٢٦﴾

26. അപ്പോൾ ലൂത്വ് അദ്ദേഹത്തെ വിശ്വസിച്ചു. ഇബ്റാഹീം പറഞ്ഞു: ഞാൻ എന്റെ വിധാതാവിങ്കലേക്ക് പലായനം ചെയ്യുകയാകുന്നു. അവൻ അജയ്യനും അഭിജ്ഞനും തന്നെയാണല്ലോ.

**26**

فَآمَنَ لَهُ لُوطٌ = അപ്പോൾ ലൂത്വ് അദ്ദേഹത്തെ വിശ്വസിച്ചു  وَقَالَ = അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു

إِنِّي مُهَاجِرٌ = ഞാൻ പലായനം ചെയ്യു(കയാകുന്നു)ന്നവനാകുന്നു  إِلَىٰ رَبِّي = എന്റെ വിധാതാവിങ്കലേക്ക്

إِنَّهُ هُوَ = തീർച്ചയായും അവൻ തന്നെയാണല്ലോ  الْعَزِيزُ الْحَكِيمُ = അജയ്യൻ(നും) അഭിജ്ഞനാ(ും)

فَآمَنَ لَهُ لُوطٌ എന്ന വാക്കിന് ഇവിടെ അർഥം ലൂത്വ് നബി ഇബ്റാഹീമിനെ അംഗീകരിച്ചു, അദ്ദേഹത്തിന്റെ പ്രബോധനം സത്യപ്പെടുത്തി എന്നാണ്. ലൂത്വ് നബിയുടെ സത്യപ്പെടുത്തലിനെ പരാമർശിച്ചത് അന്ന് ഇബ്റാഹീമീ ജനതയിൽ ലൂത്വ് അല്ലാതെ മറ്റാരും അദ്ദേഹത്തെ അംഗീകരിക്കാതിരുന്നതുകൊണ്ടാണ്. ലൂത്വ് ഇബ്റാഹീം നബിയുടെ സഹോദര പുത്രനാണ്. ഇബ്റാഹീം നബി സ്വദേശമായ ഇറാഖ് വിട്ടപ്പോൾ ലൂത്വും അദ്ദേഹത്തോടൊപ്പം പോയി. ലൂത്വിനെ

പിന്നീട് അല്ലാഹു സദോം ഗോമോറെ പ്രദേശത്ത് പ്രവാചകനായി നിയോഗിച്ചു. മഹാനായ പ്രവാചകൻ ഇബ്റാഹീം (അ) പോലും സ്വന്തം സഹോദര പുത്രൻ ലൂത്വിനാൽ അല്ലാതെ സമുദായത്തിലെ മറ്റാരാലും അംഗീകരിക്കപ്പെടാത്ത ഒരു കാലഘട്ടം കഴിഞ്ഞുപോയിട്ടുണ്ടെന്ന് ഓർമിപ്പിക്കുകയാണിവിടെ. അവസാനം അദ്ദേഹത്തിന്റെ സന്ദേശം ലോകമെങ്ങും പ്രതിധ്വനിച്ചു. സഹസ്രാബ്ദങ്ങൾക്കു ശേഷവും അദ്ദേഹം ആദരവോടെ അനുസ്മരിക്കപ്പെടുന്നു.

ഇവിടെ قَالَ എന്ന ക്രിയയുടെ കർത്താവ് ലൂത്വ് നബി അല്ല. ഇബ്റാഹീം നബിയാണ്. വചനസാരമിതാണ്: സ്വകുടുംബത്താലും നാട്ടുകാരാലും തിരസ്കരിക്കപ്പെടുകയും സ്വന്തം ജീവനുതന്നെ ഭീഷണി ഉയരുകയും ചെയ്തപ്പോൾ ഇബ്റാഹീമിന് സ്വജനത്തിന്റെ മാനസാന്തരത്തിൽ പ്രതീക്ഷയറ്റു. തുടർന്ന് അദ്ദേഹം ദേശത്യാഗം ചെയ്യാൻ തീരുമാനിച്ചു. ഞാൻ എന്റെ നാഥങ്കലേക്ക് പലായനം ചെയ്യുന്നു എന്നാണിതേപ്പറ്റി പറഞ്ഞത്. ഇതിന് പല ധ്വനികളുണ്ട്. ഞാൻ നാഥന്റെ മാർഗത്തിൽ അവന്റെ സന്ദേശം ചെവിക്കൊള്ളുന്നവരെ തേടിപ്പോകുന്നു. നാഥൻ എന്നെ രക്ഷിക്കും. എങ്ങോട്ട് പോകണമെന്നോ എവിടെ തങ്ങണമെന്നോ ഇപ്പോൾ എനിക്കറിയില്ല. പക്ഷേ അല്ലാഹുവിന്റെ മാർഗത്തിൽ ഇറങ്ങിത്തിരിക്കുന്ന എനിക്ക് തീർച്ചയായും അവൻ വഴികാണിച്ചുതരും. *അസ്സ്വാഫ്ഫാത്ത്* 99-ാം സൂക്തം إِنِّي ذَاهِبٌ إِلَىٰ رَبِّي سَيَهْدِينِ (ഞാൻ എന്റെ നാഥങ്കലേക്ക് പോകുന്നു. അവൻ എനിക്കു വഴി കാണിച്ചുതരും) എന്നു തന്നെ ഇബ്റാഹീമി(അ)നെ ഉദ്ധരിക്കുന്നുണ്ട്. താൻ എല്ലാം അല്ലാഹുവിൽ ഭരമേൽപിക്കുന്നു എന്നു സൂചിപ്പിക്കുന്നതാണ് ഹിജ്റയുടെ തുടക്കത്തിൽ ഇബ്റാഹീം നബിയുടെ 'അല്ലാഹു അജയ്യനും അഭിജ്ഞനുമാകുന്നു' എന്ന പരാമർശം. ഇപ്പോൾ താൻ പരിത്യക്തനും പീഡിതനുമാണെങ്കിലും തന്നെ നിയോഗിച്ച നാഥൻ അജയ്യനാണ്, അവന്റെ നടപടികളെല്ലാം വ്യക്തമായ ജ്ഞാനത്തിലും നീതിയിലും അധിഷ്ഠിതമാകുന്നു. അവൻ എനിക്ക് ലക്ഷ്യത്തിലേക്കുള്ള മാർഗം കാണിച്ചുതരും. തീർച്ചയായും ഈ ഘനാന്ധകാരത്തിനുശേഷം പ്രകാശത്തിന്റെ പൊൻകിരണങ്ങൾ പൊട്ടിവിടരുകതന്നെ ചെയ്യും. ●

---

وَوَهَبْنَا لَهُ إِسْحَاقَ وَيَعْقُوبَ وَجَعَلْنَا فِي ذُرِّيَّتِهِ النُّبُوَّةَ وَالْكِتَابَ وَآتَيْنَاهُ أَجْرَهُ فِي الدُّنْيَا ۖ وَإِنَّهُ فِي الْآخِرَةِ لَمِنَ الصَّالِحِينَ ﴿٢٧﴾

27 നാം അദ്ദേഹത്തിന് ഇസ്ഹാഖിനെയും യഅ്ഖൂബിനെയും സമ്മാനിച്ചു. അദ്ദേഹത്തിന്റെ സന്തതികളിൽ പ്രവാചകത്വവും വേദവും നിശ്ചയിച്ചു. ഈ ലോകത്ത് അദ്ദേഹം അർഹിക്കുന്ന പ്രതിഫലമരുളി. പരലോകത്തോ, തീർച്ചയായും അദ്ദേഹം സജ്ജന ഗണത്തിൽ തന്നെയാകുന്നു.

**27**

وَوَهَبْنَا لَهُ = നാം അദ്ദേഹത്തിനു (ഇബ്റാഹീമിനു) സമ്മാനിച്ചു

إِسْحَاقَ وَيَعْقُوبَ = ഇസ്ഹാഖിനെയും യഅ്ഖൂബിനെയും

وَجَعَلْنَا فِي ذُرِّيَّتِهِ = അദ്ദേഹത്തിന്റെ സന്തതികളിൽ നാം ആക്കി (നിശ്ചയിച്ചു)

النُّبُوَّةَ وَالْكِتَابَ = പ്രവാചകത്വവും വേദവും

وَآتَيْنَاهُ = അദ്ദേഹത്തിന് നാം നൽകി (അരുളി)

أَجْرَهُ = അദ്ദേഹത്തിന്റെ (അർഹിക്കുന്ന) പ്രതിഫലം

فِي الدُّنْيَا ۖ = ഇഹലോകത്ത്

وَإِنَّهُ فِي الْآخِرَةِ = തീർച്ചയായും പരലോകത്ത് അദ്ദേഹം

لَمِنَ الصَّالِحِينَ = സജ്ജന ഗണത്തിൽ തന്നെയാകുന്നു

മുൻ സൂക്തത്തിൽ ഇബ്റാഹീം (അ) പ്രകടിപ്പിച്ചിരുന്ന ആത്മസമർപ്പണവും പ്രതീക്ഷയും അല്ലാഹു സ്വീകരിച്ചുവെന്ന് വ്യക്തമാക്കുകയാണീ സൂക്തം. ദേശത്യാഗത്തിനു ശേഷം അല്ലാഹു ഇബ്റാഹീമിന് ഒട്ടേറെ അനുഗ്രഹങ്ങളരുളി. നാടു വിടുമ്പോൾ അദ്ദേഹത്തിന് സഹോദര പുത്രൻ ലൂത്വ് അല്ലാതെ വേറെ അനുയായികളാരുമുണ്ടായിരുന്നില്ല. പിന്നീട് പുത്രന്മാരായി ഇസ്ഹാഖും ഇസ്മാഈലും പൗത്രനായി യഅ്ഖൂബും ജനിച്ചു. അദ്ദേഹത്തിന്റെ കുടുംബം വലിയൊരു ഗോത്രമായി വളർന്നു. അവർ ജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും വാഹകരായി. അവരിൽ പ്രവാചകന്മാരുടെ നീണ്ട പരമ്പര തന്നെയുണ്ടായി. പുത്രന്മാരായ ഇസ്ഹാഖും (അ) ഇസ്മാഈലും (അ) പ്രവാചകന്മാരായിരുന്നു. പൗത്രനായ യഅ്ഖൂബും (അ) യഅ്ഖൂബിന്റെ പുത്രൻ യൂസുഫും (അ) പ്രവാചകന്മാരായിരുന്നു. ഈസാ (അ) വരെ ആ പരമ്പര തുടർന്നു. ഈ പ്രവാചകന്മാരിൽ പലർക്കും വേദപ്രമാണവും ലഭിച്ചു. അങ്ങനെ ഈ ലോകത്തുതന്നെ അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പിച്ച സേവനങ്ങൾക്ക് ഇബ്റാഹീം (അ) പുരസ്കൃതനായി. പരലോകത്തും അദ്ദേഹം സജ്ജന ഗണത്തിൽ തന്നെയായിരിക്കും.

മുഹമ്മദ് നബിക്കും മുസ്‌ലിംകൾക്കുമുള്ള ഒരു സുവിശേഷവും കൂടിയാണീ സൂക്തം. മക്കയിലെ സത്യനിഷേധികൾ പ്രവാചകനെയും മുസ്‌ലിംകളെയും അങ്ങേയറ്റം ദ്രോഹിക്കുകയും മർദിതരായ മുസ്‌ലിംകൾക്ക് സ്വദേശത്തു നിന്ന് ഓടിപ്പോവുകയല്ലാതെ ഗത്യന്തരമില്ലാതാവുകയും ചെയ്ത കാലഘട്ടത്തിലാണല്ലോ ഈ സൂറഃ അവതരിക്കുന്നത്. ഈ സന്ദർഭത്തിൽ ഇബ്റാഹീം നബിയുടെ അഗ്നിപരീക്ഷണത്തിന്റെയും പലായനത്തിന്റെയും അനുസ്മരണം അവർക്ക് ആശ്വാസം പകരുന്ന സന്ദേശമാകുന്നു. അതായത് ഇപ്പോഴത്തെ പ്രതികൂല സാഹചര്യത്തിൽ വെപ്രാളപ്പെടേണ്ട. ഇതൊക്കെ ഈ ദീനുമായി രംഗത്തിറങ്ങുന്നവർ അഭിമുഖീകരിക്കേണ്ടിവരിക സാധാരണമാണ്. നിങ്ങളുടെ പ്രപിതാവായ ഇബ്റാഹീം (അ) അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിൽ സർവവും സമർപ്പിച്ചുകൊണ്ട് മുന്നോട്ടുപോയതുപോലെ പോകാൻ നിങ്ങളും സന്നദ്ധരാവണം. അല്ലാഹുവിനു വേണ്ടി മർദകരായ സ്വജനത്തെ പരിത്യജിച്ചുപോകേണ്ടിവരുന്നവർക്ക് അവൻ ഈ ലോകത്തും പരലോകത്തും വിശിഷ്ടരായ സഖാക്കളെയും സഹകാരികളെയും ഉണ്ടാക്കിക്കൊടുക്കുന്നതാണ്. ●